# കേരള സർവകലാശാല

നം.പി.ആർ.160/2019 ഫോൺ: 2305738
9446173605

# പത്രക്കുറിപ്പ്

## പ്രാക്ടിക്കൽ

2019 ഫെബ്രുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എസ്.സി ബയോടെക്നോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ജൂലൈ 29, 30 തീയതികളിൽ അതതു പരീക്ഷാ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## ടൈംടേബിൾ

പത്താം സെമസ്റ്റർ ഇന്റഗ്രേറ്റഡ് പഞ്ചവത്സര ബി.എ.എൽ.എൽ.ബി/ബി.കോം.എൽ.എൽ.ബി/ബി.ബി.എ.എൽ.എൽ.ബി ജൂലൈ 2019 പരീക്ഷയുടെ എക്സ്റ്റേണൽ വൈവ ആഗസ്റ്റ് 5 മുതൽ ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

2019 ആഗസ്റ്റ് 27 ന് ആരംഭിക്കുന്ന അവസാന വർഷ ബി.ഡി.എസ് പാർട്ട് II (സപ്ലിമെന്ററി 2008 സ്കീം) പരീക്ഷയ്ക്ക് പിഴ കൂടാതെ ആഗസ്റ്റ് 2 വരെയും 150 രൂപ പിഴയോടെ ആഗസ്റ്റ് 6 വരെയും 400 രൂപ പിഴയോടെ ആഗസ്റ്റ് 8 വരെയും അപേക്ഷിക്കാം.

## പരീക്ഷാഫലം

2019 മാർച്ചിൽ നടന്ന ഒന്നാം വർഷ ബി.എഫ്.എ പരീക്ഷാഫലം വെബ്സൈറ്റിൽ. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 21 വരെ അപേക്ഷിക്കാം.

## ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പ്രസിദ്ധപ്പെടുത്തി. ജൂലൈ 25, 26, 27 തീയതികളിൽ കോളേജ് പ്രവേശനം

സർവകലാശാലയുടെ 2019-2020 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. ആപ്ലിക്കേഷൻ നമ്പരും പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് അപേക്ഷകർ തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചവർ പ്രവേശന

ഫീസ് ഓൺലൈനായി ഒടുക്കണം. മുൻ അലോട്ട്മെന്റുകളിൽ പ്രവേശനം ലഭിച്ച് അഡ്മിഷൻ ഫീസ് ഒടുക്കിയവർ വീണ്ടും അഡ്മിഷൻ ഫീസ് അടയ്ക്കേണ്ടതില്ല.

അഡ്മിഷൻ ഫീസ് ഒടുക്കിയ അപേക്ഷകർ അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി എന്നിവ അലോട്ട്മെന്റ് മെമ്മോയിൽ ഉണ്ടായിരിക്കും. 2019 ജൂലൈ 25, 26, 27 തീയതികളിലാണ് കോളേജുകളിൽ അഡ്മിഷൻ എടുക്കേണ്ടത്. യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പറഞ്ഞിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. നിലവിൽ കോളേജുകളിൽ അഡ്മിഷൻ നേടിക്കഴിഞ്ഞവർക്ക് മൂന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേതിലെങ്കിലും പുതിയ അലോട്ട്മെന്റ് ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ പഠിച്ചു കൊണ്ടിരിക്കുന്ന കോളേജിൽ നിന്നും ടി.സി. വാങ്ങിയ ശേഷം പുതിയ അലോട്ട്മെന്റ് പ്രകാരമുള്ള കോളേജിൽ അഡ്മിഷൻ എടുക്കേണ്ടതാണ്.

<u>പ്രത്യേക കുറിപ്പ്:</u> (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## <u>ട്രെയിനിംഗ് & പ്ലേസ്മെന്റ് ഡ്രൈവ്</u>

സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ പ്രവർത്തിക്കുന്ന കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മോഡൽ കരിയർ സെന്റർ 2019 ജൂലൈ 27 ന് രാവിലെ 10.00 മുതൽ തിരുവനന്തപുരം പി. എം.ജി യിലുള്ള സ്റ്റുഡൻസ് സെന്ററിലെ യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയിൽ വെച്ച് 28 വയസിന് താഴെയുള്ള ത്രിവത്സര ഡിപ്ലോമ/ബിരുദം യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്കായി ഒരു സൗജന്യ ട്രെയിനിംഗ് & പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നു. **Maruthi Suzuki** യിലെ കേരളത്തിൽ 100 ൽ പരം **Dealer Sales Consultant** ഒഴിവുകളിലേയ്ക്കാണ് പ്ലേസ്മെന്റ് ഡ്രൈവ് സംഘടിപ്പിക്കുന്നത്. **Stipend** ഓടുകൂടിയ രണ്ടു മാസത്തെ പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് നിയമനം നൽകുന്നതാണ്.

പ്ലേസ്മെന്റ് ഡ്രൈവിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾ ജൂലൈ 26 ന് രാത്രി 12 മണിയ്ക്ക് മുൻപായി http://bit.ly/MCCdrive2-July2k19 എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒഴിവുകൾ സംബന്ധിച്ച വിശദവിവരങ്ങൾക്ക് സന്ദർശിക്കുക. വിശദവിവരങ്ങൾക്ക് www.facebook.com/MCCTVM ഓഫീസ് പ്രവർത്തി സമയത്ത് 0471 – 2304577 എന്ന നമ്പറിൽ ബന്ധപ്പെടുക.

തിരുവനന്തപുരം,

24–07–2019

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ – ചാർജ്)

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098